**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1100** **18-09-2025 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ ചെല്ലൻകാവ് മിനി ഡാം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2020-21 വർഷത്തെ സംസ്ഥാന ബജറ്റിൽ നാലുകോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനി ഡാം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | **2020-21 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 4 കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ ചെല്ലൻകാവ് മിനിഡാമിന്റെ നിർമ്മാണത്തിനായി 21/04/2025 തീയതിയിലെ സ.ഉ.(സാധാ) നം.384/2025/WRD നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു.** |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | **അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ്-ചെറുകിട ജലസേചനം-പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലങ്കാവ് ഏരിയുടെയും ചെക്ക് ഡാമിന്റെയും പുനർ നിർമ്മാണപ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (എം ഐ) വകുപ്പ്**

സ.ഉ.(സാധാ) നം.384/2025/WRD    തീയതി,തിരുവനന്തപുരം, 21-04-2025

---

പരാമർശം:-
1. സ.ഉ.(സാധാ)നം.3311/2022/ധന തീയതി, 30.04.2022.
2. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 30/12/2024 തീയതിയിലെ CEIA/6792/2023-DB1(W2) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിൽ 2018 ഓഗസ്റ്റിൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ വനമേഖലയിൽ ഉണ്ടായ കനത്ത ഉരുൾപൊട്ടലിൽ തകർന്ന ചെല്ലങ്കാവ് ഏരിയുടെയും ചെക്ക് ഡാമിന്റെയും പുനർ നിർമ്മാണത്തിനായി 2020-21 ബഡ്ജറ്റിൽ 4കോടി രൂപ വകയിരുത്തുകയും പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം 80 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു.

2.പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലങ്കാവ് ഏരിയുടെയും ചെക്ക് ഡാമിന്റെയും പുനർ നിർമ്മാണ പ്രവൃത്തിയുടെ DSR 2018 പ്രകാരം തയ്യാറാക്കിയ 4 കോടി (നാല് കോടി രൂപ മാത്രം) രൂപ അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റ് റിപ്പോർട്ട് പരാമർശം (2) ലെ കത്ത് പ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത എസ്റ്റിമേറ്റിന് 4702-00-101-64-01-00-00-P-V Renovation of Tanks And Ponds-revival, Conservation and Upgradation of Local Water Resources എന്ന ശീർഷകത്തിൽ 4 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകണമെന്നും ചീഫ് എഞ്ചിനീയർ പരാമർശം (2) ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലങ്കാവ് ഏരിയുടെയും ചെക്ക് ഡാമിന്റെയും പുനർ നിർമ്മാണ പ്രവൃത്തിയ്ക്ക് 4702-00-101-64-01-00-00-P-V Renovation of Tanks And Ponds-revival, Conservation And Upgradation of Local Water Resources എന്ന ശീർഷകത്തിൽ 4 കോടി(നാല് കോടി രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ്കുമാർ കെ കെ

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്) കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (3030441/Agri-A1/10/2025-Fin dated 26/03/2025 പ്രകാരം)

വിവര പൊതുസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sandhya S Nair
Date: 21-04-2025 18:00:30
സെക്ഷൻ ഓഫീസർ

പകർപ്പ് : ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്.

Sandhya
സെക്ഷൻ ഓഫീസർ